**പതിനാലാം കേരള നിയമസഭ രണ്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 4388**
**- 25.10.2016-ന് മറുപടി നൽകേണ്ടത്**

**യുവസംരംഭകർക്ക് പലിശരഹിത വായ്പ**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. എം. വിൻസെന്റ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി** | **ഡോ. റ്റി.എം. തോമസ് ഐസക്,<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ) | യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് പലിശ രഹിത വായ്പ നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ, വിശദമാക്കുമോ; | സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.<br>2016 മെയ് വരെ പരിശീലനം പൂർത്തിയാക്കിയ സംരംഭകർക്ക് വായ്പ വിതരണം നടത്തുന്നുണ്ട്. 2011 മുതൽ 5 വർഷത്തേയ്ക്ക് പ്രഖ്യാപിച്ച ഈ പദ്ധതിയുടെ കാലാവധി ഈ വർഷം അവസാനിക്കും. 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച സമാനമായ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |

| | | |
|---|---|---|
| ബി | എത്ര ലക്ഷം രൂപയാണ് വായ്പയായി നൽകുന്നത്, വിശദാംശങ്ങൾ വ്യക്തമാക്കുമോ; | പദ്ധതി തുകയുടെ 90% തുകയാണ് സഹായം അനുവദിയ്ക്കുന്നത്. ഒരു സംരംഭകന് 7 ലക്ഷം എന്ന കണക്കിൽ ഒരു ഗ്രൂപ്പിന് പരമാവധി 20 ലക്ഷം രൂപയാണ് വായ്പ അനുവദിക്കുന്നത്. ഒരു ഗ്രൂപ്പിൽ 2 മുതൽ 5 വരെ അംഗങ്ങൾ ആകാം. |
| സി. | എത്ര സംരംഭങ്ങളാണ് പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്, വിവരിക്കുമോ; | 31.05.2016 ലെ കണക്കുകൾ പ്രകാരം 11,033 പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുകയും 7966 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തു. 5021 സംരംഭങ്ങൾ പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്. |
| ഡി. | എത്ര പേർക്കാണ് പദ്ധതിയനുസരിച്ച് പരോക്ഷമായും പ്രത്യക്ഷമായും ജോലി ലഭിച്ചിട്ടുള്ളത്? | 31.05.2016 ലെ കണക്കുകൾ പ്രകാരം ഈ പദ്ധതിയിലൂടെ 1757 സംരംഭങ്ങൾ തുടങ്ങുകയും അതിലൂടെ 8904 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു. പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചില്ല |

**സെക്ഷൻ ഓഫീസർ**